**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**<u>റാന്നി നിയോജകമണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. പദ്ധതി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5349 | 23-05-2017-ൽ മറുപടിക്ക്

ചോദ്യം | മറുപടി

| **ശ്രീ. രാജു എബ്രഹാം** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം റാന്നി നിയോജകമണ്ഡലത്തിൽ പി.എം. ജി.എസ്.വൈ. പദ്ധതി പ്രകാരം ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്; ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം റാന്നി നിയോജകമണ്ഡലത്തിൽ പി.എം. ജി.എസ്.വൈ. പദ്ധതി പ്രകാരം മല്ലപ്പള്ളി ബ്ലോക്കിൽ അത്യാൽ - വായ്പൂർ എന്ന റോഡിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ റോഡിന് 329.27 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി റോഡിന്റെ സംരക്ഷണ ഭിത്തിയുടെ പണി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നേരത്തേ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുകയും ,നിർമ്മാണത്തിൽ തടസ്സം നേരിട്ടതിനെ തുടർന്ന് നിർമ്മാണം തടസ്സപ്പെട്ടു കിടക്കുന്നതുമായിട്ടുള്ള ഏതെങ്കിലും പദ്ധതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കാരണത്താലാണ് നിർമ്മാണം മുടങ്ങിയത്; എത്ര കാലമായി മുടങ്ങിക്കിടക്കുന്നു ; ഇവയുടെ നിർമ്മാണ പ്രവൃത്തികൾ വീണ്ടും ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. മല്ലപ്പള്ളി ബ്ലോക്കിൽ - കുളങ്ങര — കുമാരമംഗലം റോഡ് ഏറ്റെടുത്ത കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 4 വർഷമായി മുടങ്ങിക്കിടക്കുന്നു. ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് ടിയാന്റെ മേൽ റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുകയാണ്. ഉടൻതന്നെ ബാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**